പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 654 — 28.09.2011-ൽ മറുപടിയ്ക്ക്

## കായംകുളം താലൂക്കാശുപത്രിയിലെ ജീവനക്കാരുടെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. സദാശിവൻ: | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | നിരവധി റോഡപകടങ്ങൾ നടക്കുന്ന ദേശീയ പാതയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന കായംകുളം താലൂക്കാശുപത്രിയിൽ ഡോക്ടർ മാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | ഡോക്ടർമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ ദിവസങ്ങളിലും ഉച്ചയ്ക്കുശേഷവും രാത്രിയിലും ഡോക്ടർമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും സേവനം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഡോക്ടർമാരുടെയും (ഒന്ന്) ലാബ് ടെക്നീഷ്യൻമാരുടെയും സേവനം രാത്രി കാലങ്ങളിൽ ലഭ്യമാണ്. എക്സ്റേ, ഇ.സി.ജി. ടെക്നീഷ്യൻമാരുടെയും സേവനം വൈകുന്നേരം നാലു മണി വരെയും ഫാർമസിസ്റ്റിന്റെ സേവനം വൈകുന്നേരം ആറു മണി വരെയും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ